**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 539** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശനം ലഭിച്ച പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശനം ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കോഴ്സുകൾ പൂർത്തിയാക്കുന്നതിനും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ<br>3. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br>4. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ<br>5. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം<br>6. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിൽ സൗജന്യ അംഗത്വം<br>7. ബി.ടെക് കോഴ്സ് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റെമഡിയൽ കോച്ചിംഗ്<br>8. ബിടെക് കോഴ്സ് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി.യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി "സമുന്നതി" പദ്ധതി<br>(9) രോഗം കാരണമായി ഒരു അക്കാഡമിക് വർഷത്തെ പരീക്ഷയെഴുതാൻ കഴിയാത്ത പക്ഷം ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നുള്ള മെഡിക്കൽ |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപന മേധാവിയുടെ ശുപാർശ പ്രകാരം റിന്യൂവൽ<br><br>(10) ഏതെങ്കിലും യൂണിവേഴ്സിറ്റി/സ്ഥാപനത്തിന്റെ നിയമാവലി പ്രകാരം താഴ്ന്ന ക്ലാസിലെ പരീക്ഷ പാസാകാതെ ഉയർന്ന ക്ലാസിലേക്ക് പ്രൊമോട്ട് ചെയ്യുകയും പിന്നീട് താഴ്ന്ന ക്ലാസിലെ പരീക്ഷ എഴുതേണ്ടി വരികയും ചെയ്താലും മറ്റ വിധത്തിൽ അർഹതയുള്ള പക്ഷം വിദ്യാർഥിക്ക് ഉയർന്ന ക്ലാസിൽ സ്കോളർഷിപ്പ്<br><br>(11) ഏതെങ്കിലും ക്ലാസിൽ തോൽക്കുകയും അതേ ക്ലാസിൽ റഗുലർ സ്റ്റുഡന്റ് ആയി വീണ്ടും ചേരുകയും ചെയ്താൽ ഒരു അധികവർഷം അല്ലെങ്കിൽ യഥാർഥ കാലയളവ്, ഏതാണോ കുറവ് എന്നതു പ്രകാരം ആനുകൂല്യം. പട്ടിക വർഗ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം 3 തവണത്തേക്ക് ലഭിക്കും. |
| (ബി) | എങ്കിൽ പ്രസ്തുത വിദ്യാർത്ഥികൾക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശനം ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കോഴ്സുകൾ പൂർത്തിയാക്കുന്നതിനും മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br><br>2. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ<br><br>3. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br><br>4. റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ<br><br>5. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം<br><br>6. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിൽ സൗജന്യ അംഗത്വം<br><br>7. ബി.ടെക് കോഴ്സ് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റെമഡിയൽ കോച്ചിംഗ്<br><br>8. ബിടെക് കോഴ്സ് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി.യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി “സമുന്നതി" പദ്ധതി<br><br>(9) രോഗം കാരണമായി ഒരു അക്കാഡമിക് വർഷത്തെ പരീക്ഷയെഴുതാൻ കഴിയാത്ത പക്ഷം |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപന മേധാവിയുടെ ശുപാർശ പ്രകാരം റിന്യൂവൽ<br><br>(10) ഏതെങ്കിലും യൂണിവേഴ്സിറ്റി/സ്ഥാപനത്തിന്റെ നിയമാവലി പ്രകാരം താഴ്ന്ന ക്ലാസിലെ പരീക്ഷ പാസാകാതെ ഉയർന്ന ക്ലാസിലേക്ക് പ്രൊമോട്ട് ചെയ്യുകയും പിന്നീട് താഴ്ന്ന ക്ലാസിലെ പരീക്ഷ എഴുതേണ്ടി വരികയും ചെയ്താലും മറ്റു വിധത്തിൽ അർഹതയുള്ള പക്ഷം വിദ്യാർഥിക്ക് ഉയർന്ന ക്ലാസിൽ സ്കോളർഷിപ്പ്<br><br>(11) ഏതെങ്കിലും ക്ലാസിൽ തോൽക്കുകയും അതേ ക്ലാസിൽ റഗുലർ സ്റ്റുഡന്റ് ആയി വീണ്ടും ചേരുകയും ചെയ്താൽ ഒരു അധികവർഷം അല്ലെങ്കിൽ യഥാർഥ കാലയളവ്, ഏതാണോ കുറവ് എന്നതു പ്രകാരം ആനുകൂല്യം. പട്ടിക വർഗ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം 3 തവണത്തേക്ക് ലഭിക്കും. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിൽ നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 5/1/2023ലെ സ.ഉ(പി)നം.1/2023/പജപവവിവ, സ.ഉ(പി)നം.2/2023/പജപവവിവ നമ്പർ ഗവ. ഉത്തരവുകൾ പ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. മറ്റ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ